## മകളെ പീഡിപ്പിച്ചത് ചോദ്യം ചെയ്ത പിതാവിനെ വെട്ടി

കൊല്ലം: ബുദ്ധിമാന്ദ്യമുള്ള പതിനഞ്ചുകാരിയായ മകളെ പീഡിപ്പിച്ചത് ചോദ്യംചെയ്ത പിതാവിനെ ബന്ധുവായ യുവാവ് വെട്ടിപ്പരിക്കേല്പിച്ചു. മീയണ്ണൂർ വലിയമലയിൽ ചെരുവിൽവീട്ടിൽ വിജയൻപിള്ള(26)യെ ചാത്തന്നൂർ പൊലീസ് അറസ്റ്റ് ചെയ്തു.

കൂലിപ്പണിക്കാരായ മാതാപിതാക്കൾ മകളെ അയൽവാസിയും ബന്ധുവുമായ വിജയൻപിള്ളയുടെ വീട്ടിൽ നിറുത്തിയാണ് ജോലിക്ക് പോകുന്നത്. കഴിഞ്ഞ നവംബറിൽ വീട്ടുകാർ ജോലിക്ക് പോയപ്പോൾ കൂലിപ്പണിക്കാരനായ വിജയൻ പെൺകുട്ടിയെ പീഡിപ്പിച്ചതായാണ് കേസ്. പെൺകുട്ടി അഞ്ചുമാസം ഗർഭിണിയാണെന്ന് വൈദ്യപരിശോധനയിൽ വ്യക്തമായതോടെയാണ് വിവരം പുറത്തായത്. മകളെ പീഡിപ്പിച്ചതിനെ ചോദ്യംചെയ്യുകയും പൊലീസിൽ പരാതിപ്പെടുകയും ചെയ്ത പിതാവിനെ വ്യാഴാഴ്ച രാത്രി 10 മണിയോടെ വിജയൻപിള്ള വെട്ടിപ്പരിക്കേല്പിച്ചു. ഇയാൾ ആശുപത്രിയിൽ ചികിത്സയിലാണ്.

## പൂന്തുറ സിറാജ് ലീഗിൽ ചേർന്നേക്കും

തിരുവനന്തപുരം: പി.ഡി.പിയിൽ നിന്ന് രാജിവയ്ക്കാൻ തീരുമാനിച്ചതായി പൂന്തുറ സിറാജ് പത്രസമ്മേളനത്തിൽ അറിയിച്ചു. നിലവിൽ പി.ഡി.പിയുടെ കേന്ദ്രകമ്മിറ്റി അംഗമാണ് പൂന്തുറ സിറാജ്. സിറാജ് ലീഗിൽ ചേരുമെന്ന് അറിയുന്നു. കഴിഞ്ഞ ദിവസം പി.കെ. കുഞ്ഞാലിക്കുട്ടി ഉൾപ്പെടെയുള്ള ലീഗ് നേതാക്കളുമായി സിറാജ് ചർച്ച നടത്തിയിരുന്നു.

## കുട്ടികൾക്ക് ചലച്ചിത്ര പരിശീലനം

തിരുവനന്തപുരം: നാഷണൽ ഫിലിം അക്കാഡമി സംസ്ഥാനതലത്തിൽ തിരുവനന്തപുരത്ത് സംഘടിപ്പിക്കുന്ന കുട്ടികളുടെ ടിവി-ചലച്ചിത്ര പഠനക്യാമ്പ് ഉത്സവത്തിലേക്ക് അപേക്ഷിക്കാം. ഫോൺ: 0471 2464100, 9287540496.

# രോഗിയെ 'പരിശോധിച്ച്' കള്ളൻ നാലു പവനുമായി കടന്നു

**പി. ഹരിഹരൻ**

തിരുവനന്തപുരം: മെഡിക്കൽകോളേജ് ആശുപത്രിയിൽ ഡോക്ടറാണെന്ന് ധരിപ്പിച്ച് രോഗിയെ പരിശോധിച്ച കള്ളൻ നാല് പവന്റെ ആഭരണങ്ങളുമായി കടന്നു.

ഇന്നലെ രാവിലെ ഇ.എൻ.ടി വിഭാഗത്തിലാണ് സംഭവം. നെടുമങ്ങാട് പനവൂർ ഇരിയനാട് റോഡരികത്ത് വീട്ടിൽ ആബിദാബീവി(59) യെ തൈറോയ്ഡ് സംബന്ധമായ ശസ്ത്രക്രിയയ്ക്കായി വെള്ളിയാഴ്ചയാണ് പത്തൊമ്പതാം വാർഡിൽ പ്രവേശിപ്പിച്ചത്. ശസ്ത്രക്രിയയ്ക്ക് മുമ്പുള്ള ഒരു പരിശോധനയ്ക്ക് ഡോക്ടർമാർ ശുപാർശ ചെയ്തിരുന്നു. ഇതനുസരിച്ച് കേസ് ഷീറ്റുമായി ഇ. എൻ. ടി വിഭാഗത്തിലെത്തിയതായിരുന്നു.

ഡോക്ടർമാരുടെ മുറിയിൽ നിന്ന് ഇറങ്ങിവന്ന ഒരാൾ കേസ് ഷീറ്റ് വാങ്ങി പരിശോധിച്ച ശേഷം വരാന്തയിലെ ഒരു ബെഞ്ചിൽ കിടക്കാനാവശ്യപ്പെട്ടു. സ്വർണ്ണാഭരണങ്ങൾ ഊരിവച്ചിട്ടു വേണം കിടക്കാനെന്നും പറഞ്ഞു. ആഭരണങ്ങൾ ഊരി ഒരു കവറിലാക്കിയശേഷം ആബിദ ബെഞ്ചിൽ കിടന്നു. കവറിൽ തല ചായ്ച്ചാണ് ആദ്യം കിടന്നത്. ചില പരിശോധനകൾക്ക് ശേഷം തല ചരിച്ച് കിടക്കാൻ നിർദ്ദേശിച്ചു. ഈ സമയം തല കവറിൽ നിന്ന് മാറിയിരുന്നു. വീണ്ടും ചില പരിശോധനകൾ നടത്തിയ ശേഷം കണ്ണടച്ച് കിടക്കാൻ പറഞ്ഞു. ഇതിനിടയിൽ കള്ളൻ മുങ്ങി. കണ്ണടച്ചുകിടന്ന് കുറച്ചുനേരം കഴിഞ്ഞിട്ടും ആളനക്കമില്ലാതായപ്പോൾ സംശയമായി. ആബിദ എണീറ്റ് കവർ പരിശോധിച്ചപ്പോഴാണ് ആഭരണം നഷ്ടപ്പെട്ട വിവരം മനസ്സിലാകുന്നത്. ആബിദയുടെ ഭർത്താവ് നേരത്തേ മരിച്ചിരുന്നു. ഒരു മകനുണ്ടെങ്കിലും അന്വേഷിക്കാറില്ലത്രേ. ആകെയുള്ള ആഭരണങ്ങൾ വീട്ടിൽ വച്ചാൽ കള്ളൻ കട്ടാലോ എന്ന് പേടിച്ചാണ് ഒപ്പം കരുതിയത്.

മാത്രമല്ല, ആശുപത്രി ചെലവുകൾക്ക് പണം തികയാതെ വന്നാൽ ആഭരണങ്ങൾ പണയംവയ്ക്കാം എന്നും കരുതിയിരുന്നു.

### അടുത്തകാലത്ത് ഇത് മൂന്നാമത്തെ സംഭവം

കഴിഞ്ഞ മാസം നാലാം തീയതി വിളപ്പിൽശാല സ്വദേശി വാസന്തിയുടെ ഒന്നര പവന്റെ മാല ഇതേ രീതിയിൽ ബ്ളഡ് ബാങ്കിന് മുന്നിൽ വച്ച് ഒരാൾ അപഹരിച്ചിരുന്നു. കൂടാതെ പത്താം തീയതി പനച്ചമൂട് സ്വദേശി സയ്ദാബീവിയുടെ രണ്ടര പവന്റെ മാല സ്കാനിംഗിന് മുമ്പ് ജീവനക്കാരൻ എന്ന് പരിചയപ്പെടുത്തിയ ഒരാൾ തട്ടിയെടുത്തു.

## അറിയിപ്പുകൾ

### എസ്. എസ്. എൽ. സി മൂല്യനിർണയത്തിന് രണ്ട് ഘട്ടം

തിരുവനന്തപുരം: എസ്. എസ്. എൽ. സി പരീക്ഷയുടെ ഉത്തരക്കടലാസ്സുകളുടെ മൂല്യനിർണയം രണ്ട് ഘട്ടമായി നടത്തും. ഒന്നാം ഘട്ടം ഏപ്രിൽ 1 മുതൽ 9 വരെയും രണ്ടാം ഘട്ടം ഏപ്രിൽ 16 മുതൽ 20 വരെയുമായിരിക്കും. ഏപ്രിൽ 10 മുതൽ 15 വരെ ക്യാമ്പിന് ഇടവേളയായിരിക്കും. ഈ വർഷം മൂല്യനിർണയം 12 ദിവസം കൊണ്ട് പൂർത്തീകരിക്കും. മാർക്കുകളുടെ ടാബുലേഷൻ ജോലികൾ പരീക്ഷാ ഭവനിൽ ഏപ്രിൽ 3ന് ആരംഭിക്കും.

### പരീക്ഷപ്പേടിമാറ്റാൻ ഹെൽപ്പ്‌ലൈൻ

എസ്.എസ്.എൽ.സി പരീക്ഷാക്കാലത്ത് കുട്ടികൾക്കും രക്ഷിതാക്കൾക്കും ഉണ്ടാകുന്ന മാനസിക സംഘർഷം ഒഴിവാക്കാൻ ഹ്യൂമാനിറ്റി ട്രസ്റ്റ് ഒഫ് ഇന്ത്യയുടെ കർമ്മയോഗ് ആത്മഹത്യാ പ്രതിരോധ കേന്ദ്രത്തിൽ ടെലിഫോണിക് കൗൺസലിംഗ് ആരംഭിച്ചു. ഫോൺ: 0471 2464100, 9387499100. 24 മണിക്കൂറും കൗൺസലിംഗ് ലഭ്യമാണ്.

### തിരഞ്ഞെടുപ്പ് ജോലി: വീഴ്ചവരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി

നിയമസഭാ തെരഞ്ഞെടുപ്പു ജോലികൾക്കു നിയോഗിക്കുന്നതിനുള്ള ജീവനക്കാരുടെ പേരു വിവരം നിർദ്ദിഷ്ട ഫോറത്തിൽ സമർപ്പിച്ചിട്ടില്ലാത്ത കേന്ദ്ര-സംസ്ഥാന പൊതുമേഖല - ബാങ്കിംഗ് സ്ഥാപന അധികാരികൾ മാർച്ച് 14ന് രാവിലെ 11 മണിക്ക് മുമ്പ് ജില്ലാ കളക്ടർ മുമ്പാകെ നേരിട്ട് സമർപ്പിക്കേണ്ടതാണ്. വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ അറസ്റ്റ് ഉൾപ്പെടെയുള്ള കർശന നടപടികൾ സ്വീകരിക്കുന്നതാണെന്ന് ജില്ലാകളക്ടർ അറിയിച്ചു.

### 'ഗേറ്റ്' വിദ്യാർത്ഥികൾക്ക് പരിശീലനക്ളാസ്

തിരുവനന്തപുരം: 2012-ലെ എൻജിനീയറിംഗ് ഗ്രാഡ്വേറ്റ് ആപ്റ്റിറ്റ്യൂഡ് ടെസ്റ്റിന് (ഗേറ്റ്-2012) തയ്യാറെടുക്കുന്ന വിദ്യാർത്ഥികൾക്കായി കംപ്യൂട്ടർ സൊസൈറ്റി ഓഫ് ഇന്ത്യ തിരുവനന്തപുരം ചാപ്റ്റർ പരിശീലന ക്ളാസ് നടത്തുന്നു. വിശദവിവരങ്ങൾക്ക് ഈ നമ്പരുകളിൽ വിളിക്കുക: 0471-2472928, 9400796741.

# മുല്ലപ്പെരിയാർ വിദഗ്ദ്ധ പരിശോധന: കേരളത്തിൽ നിന്ന് ചുമതലപ്പെട്ടവരില്ല

## തമിഴ്നാട്ടിൽ നിന്ന് 18 അംഗസംഘം



*ഭാരതീയ വികലാംഗ ഐക്യ അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് ശൂരനാട് എസ്. രവിയും ജനറൽ സെക്രട്ടറി ചാത്തന്നൂർ ഗോപാലകൃഷ്ണനും*

**പി.എസ്. സോമനാഥൻ**

കുമളി : സുപ്രീംകോടതി ഉന്നതാധികാര സമിതിയുടെ നിർദ്ദേശപ്രകാരം മുല്ലപ്പെരിയാർ അണക്കെട്ടിൽ നടക്കുന്ന സാങ്കേതിക പരിശോധനകൾ നിരീക്ഷിക്കാൻ കേരളത്തിൽ നിന്ന് ഉത്തരവാദപ്പെട്ടവരാരുമില്ല. അതേസമയം, തമിഴ്നാട്ടിൽ നിന്ന് ഒരു ചീഫ് എൻജിനിയറുടെ നേതൃത്വത്തിൽ 18 അംഗസംഘം കേന്ദ്രസംഘത്തിനൊപ്പം അണക്കെട്ടിൽ എത്തി.

മുല്ലപ്പെരിയാർ പ്രധാന അണക്കെട്ടിന്റെ ജലാന്തർഭാഗത്ത് വൻ വിള്ളലുകളും അതിലൂടെ അണക്കെട്ടിനു ഭീഷണിയുണ്ടാക്കുന്നതരത്തിൽ വലിയ തോതിൽ ജലചോർച്ചയുമുണ്ടെന്ന കേരളത്തിന്റെ വാദം പരിശോധിക്കലാണ് മുല്ലപ്പെരിയാറിൽ ഇന്നലെ മുതൽ നടക്കുന്നത്. ഡൽഹിയിലെ സെൻട്രൽ വാട്ടർ ആൻഡ് പവർ റിസേർച്ച് സ്റ്റേഷൻ (സി.ഡബ്ല്യൂ.പി.ആർ.എസ്), സെൻട്രൽ സോയിൽ ആൻഡ് മെറ്റീരിയൽ റിസർച്ച് സ്റ്റേഷൻ (സി.എസ്.എം.ആർ.എസ്) എന്നിവിടങ്ങളിലെ സാങ്കേതിക വിദഗ്ദ്ധർ, റിമോട്ട് ഓപ്പറേറ്റഡ് അണ്ടർവാട്ടർ വെഹിക്കിൾ (ആർ.ഒ.വി) ഉപയോഗിച്ചുള്ള അതിവിദഗ്ദ്ധ പരിശോധനയാണ് നടത്തുന്നത്. ഇതോടൊപ്പം കേരളം ആവശ്യപ്പെട്ടതുപ്രകാരം അണക്കെട്ടിന്റെ ഭിത്തി തുരന്ന് പഴയ സുർക്കി കോൺക്രീറ്റിന്റെ സാമ്പിളും ശേഖരിക്കുന്നുണ്ട്.



ഈ പരിശോധനകളുടെ ഫലം അനുകൂലമായാൽ മാത്രമേ മുല്ലപ്പെരിയാർ വിഷയത്തിൽ കേരളം പ്രതീക്ഷിക്കുന്ന തരത്തിൽ മുന്നേറാനാകൂ. ഇത്രയേറെ ഗൗരവതരമായ പരിശോധനകൾ അണക്കെട്ടിൽ നടക്കുമ്പോൾ സംസ്ഥാന ജലവിഭവ വകുപ്പിലെ ഒരു എക്സിക്യൂട്ടിവ് എൻജിനിയറുടെ നേതൃത്വത്തിൽ രണ്ടോ മൂന്നോ ഉദ്യോഗസ്ഥർ മാത്രമാണ് കേരളത്തിനുവേണ്ടി അണക്കെട്ടിലുള്ളത്.

മുല്ലപ്പെരിയാറ്റിൽ നടക്കുന്ന പരിശോധനകൾ യഥാസമയം നിരീക്ഷിക്കുന്നതിനും, കേരളത്തിനാവശ്യമായ നിർദ്ദേശങ്ങൾ പരിശോധകരുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനും ചീഫ് എൻജിനിയർ പി. ലതിക, മുല്ലപ്പെരിയാർ സ്പെഷ്യൽ സെൽ അദ്ധ്യക്ഷൻ എം.കെ. പരമേശ്വരൻ നായർ, സെൽ അംഗം റിട്ട. ചീഫ് എൻജിനിയർ എം. ശശിധരൻ എന്നിവരെ ചുമതലപ്പെടുത്തിക്കൊണ്ട് അഡിഷണൽ ചീഫ് സെക്രട്ടറി മാർച്ച് ഒന്നിന് ഉത്തരവിറക്കിയിരുന്നു.

മാർച്ച് 11 മുതൽ അണക്കെട്ടിലെ പരിശോധനകൾ പൂർത്തിയാകുന്ന മാർച്ച് 26 വരെ മുല്ലപ്പെരിയാറിൽ ഉണ്ടായിരിക്കണമെന്നും. ആർ.ഒ.വി പരിശോധനയുടെ വിശദമായ റിപ്പോർട്ട് സർക്കാരിന് നൽകണമെന്നും അഡി. ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടിയ ഉന്നതാധികാര യോഗത്തിൽ തീരുമാനിച്ചിരുന്നതാണ്. മൂവർസംഘത്തെ സഹായിക്കാൻ ഒരു ആർ.ഒ.വി വിദഗ്ദ്ധനെ റിക്രൂട്ട് ചെയ്യണമെന്നും തീരുമാനിച്ചിരുന്നു.

എന്നാൽ പി. ലതിക, എം.കെ.പരമേശ്വരൻനായർ. എം.ശശിധരൻ എന്നിവർ ശനിയാഴ്ച അണക്കെട്ടിൽ എത്തണം എന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള സർക്കാരിന്റെ കത്ത് ഇവർക്ക് ലഭിക്കുന്നത് വെള്ളിയാഴ്ച വൈകിട്ട് ആറ് മണിക്കാണ്.

# ടിപ്പറിടിച്ച് ബൈക്ക് യാത്രക്കാരൻ മരിച്ചു; നാട്ടുകാർ ലോറി കത്തിച്ചു



*അജയകുമാർ*

പന്തളം: ടിപ്പർ ലോറി ഇടിച്ച് ബൈക്ക് യാത്രക്കാരൻ മരിച്ചു. പൂഴിക്കാട് ആശാരിശ്ശേരിൽ കിഴക്കേതിൽ ഭാസ്കരന്റെ മകൻ അജയകുമാർ (47) ആണ് മരിച്ചത്. രോഷാകുലരായ നാട്ടുകാർ ലോറിക്ക് തീ വച്ചു. ഇന്നലെ ഉച്ചയ്ക്ക് 12.30ന് പന്തളം പത്താംകുറ്റി റോഡിൽ പൂഴിക്കാട് പാലവിള മുക്കിന് സമീപമായിരുന്നു അപകടം.

ഏഷ്യാനെറ്റ് കേബിളിന്റെ പന്തളം സെന്ററിലെ ജീവനക്കാരനാണ് അജയകുമാർ. വീടിന് 200 മീറ്റർ അകലെ എത്തിയപ്പോഴായിരുന്നു അപകടം. കോന്നിയിൽ നിന്ന് മെറ്റൽ കയറ്റി നൂറനാട്ടേക്ക് പോയ ടിപ്പർ ലോറി ബൈക്കിൽ ഇടിക്കുകയായിരുന്നു.

നാട്ടുകാർ പൊലീസുകാരെയും മാദ്ധ്യമ പ്രവർത്തകരെയും കയ്യേറ്റം ചെയ്യുകയും തടഞ്ഞുവയ്ക്കുകയും ചെയ്തു. തീ അണയ്ക്കാൻ ഫയർഫോഴ്സ് എത്തിയെങ്കിലും നാട്ടുകാർ അനുവദിച്ചില്ല.

ശ്രീലേഖയാണ് അജയകുമാറിന്റെ ഭാര്യ. മകൻ : അനൂപ്. സംസ്കാരം ചൊവ്വാഴ്ച

# 100 കിലോ ചന്ദനം പിടിച്ചു

മറയൂർ: ചിന്നാർ വന മേഖലയിൽ നിന്ന് മോഷ്ടിച്ച 100 കിലോ ചന്ദനം തമിഴ്നാട്ടിലെ തിരുമൂർത്തി മലയിലേക്ക് വാനിൽ കടത്താൻ ശ്രമിക്കുന്നതിനിടെ വനപാലകർ പിടികൂടി.

വാൻ ഡ്രൈവർ പാലക്കാട് സ്വദേശി പാർത്ഥസാരഥിയെ (20) അറസ്റ്റ് ചെയ്തു.

ഉടുമൽപ്പേട്ട റെയ്ഞ്ചർ ശരവണനും സംഘവുമാണ് തിരുമൂർത്തിമല പറവൻകടവ് ഭാഗത്തുനിന്നും ചന്ദനം പിടികൂടിയത്.

*തിരഞ്ഞെടുപ്പിനോടനുബന്ധിച്ച് കെ. പി. സി. സി തയ്യാറാക്കിയ പ്രചാരണ സി. ഡിയുടെ പ്രകാശനം കേന്ദ്രമന്ത്രി വയലാർ രവി നിർവഹിക്കുന്നു. മധുസൂദൻ മിസ്ത്രി, രമേശ് ചെന്നിത്തല, കേന്ദ്രമന്ത്രി എ. കെ. ആന്റണി, ഉമ്മൻചാണ്ടി, ജോണി നെല്ലൂർ എന്നിവർ സമീപം*

# ഒടുവിൽ കലാശാല കൺതുറന്നു, 23 വർഷത്തിനുശേഷം നിയമനം

**എം.ബി. സന്തോഷ്**

തിരുവനന്തപുരം: ഒടുവിൽ, കേരള സർവകലാശാല കൺതുറന്നു. അതോടെ 23 വർഷമായുള്ള നീതിനിഷേധം അവസാനിക്കാൻ വഴി തെളിഞ്ഞു.

മലയാളം പ്രൊഫസർ സ്ഥാനത്തേക്ക് ഈഴവ വിഭാഗത്തിന് സംവരണം ചെയ്യപ്പെട്ട ഒഴിവിലേക്ക് തിങ്കളാഴ്ച ഇന്റർവ്യൂ നടക്കുകയാണ്. 1988ൽ നടക്കേണ്ട നിയമനമായിരുന്നു ഇത്.

ഇതിലെ കള്ളക്കളി തുറന്നു കാട്ടി 2010 ആഗസ്റ്റ് ഒന്നിന് 'കേരളകൗമുദി' ഒന്നാം പേജിൽ പ്രസിദ്ധീകരിച്ച വാർത്ത കണ്ണുതുറക്കാൻ അധികൃതരെ നിർബന്ധിതരാക്കുകയായിരുന്നു. സർവകലാശാലയുടെ സാമൂഹികനീതി നിഷേധത്തിനെതിരെ വിവിധ സംഘടനകൾ രംഗത്തിറങ്ങി. നിയമപരമായി ഇതിനെ നേരിടാനും ആലോചനയുണ്ടായ ഘട്ടത്തിലാണ് ഇന്റർവ്യൂവിനുള്ള നടപടി അധികൃതർ വേഗത്തിലാക്കിയത്.

ഈഴവ വിഭാഗത്തിന് സംവരണം ചെയ്തിട്ടുള്ള പ്രൊഫസർ നിയമനം 23 വർഷം മുമ്പ് നടക്കേണ്ടതായിരുന്നെങ്കിലും ആദ്യമായി അപേക്ഷക്ഷണിച്ചത് 1991ലായിരുന്നു. പിന്നീട് 1994, 99, 2000, 2008 വർഷങ്ങളിലും അപേക്ഷ ക്ഷണിച്ചു. അപേക്ഷാഫീസ് കൈക്കലാക്കി അവിടെയും സംവരണ വിഭാഗത്തെ ദ്രോഹിച്ചതല്ലാതെ നിയമനം നടത്താൻ അധികൃതർ തയ്യാറായില്ല. ഇത്തവണകൂടി നിയമനം നടന്നില്ലെങ്കിൽ ഈ സംവരണനിയമനം പൊതുവിഭാഗത്തിലേക്ക് പോവുമായിരുന്നു. അതിനുവേണ്ടിയുള്ള ഒരുക്കൂട്ടരുടെ ശ്രമമാണ് 'കേരളകൗമുദി' റിപ്പോർട്ടോടെ പൊളിഞ്ഞത്.

അപേക്ഷിച്ചവരിൽ ചിലർ സർവീസിൽനിന്ന് വിരമിച്ചു. കോളേജുകളിൽ പെൻഷൻപ്രായം 55 ആയതിനാലാണിത്.

സർവകലാശാലയിൽ ഇത് 60 ആയതിനാൽ ഇന്റർവ്യൂവിൽ ഇക്കൂട്ടർ മുന്നിലെത്തിയാൽ ആ പ്രായം വരെ നിയമിക്കുന്നതിന് നിയമതടസ്സമില്ല.


# കേരളകൗമുദി ക്ലാസിഫൈഡ്സ്

better choice... faster response

### വസ്തു വിൽപ്പനയ്ക്ക്

**ബൈപാസിൽനിന്നും 500 മീറ്റർ മാറി കമലേശ്വരം റോഡിൽ 10 സെന്റ് ഒന്നായോ പ്ലോട്ടുകളായോ വിൽപ്പനയ്ക്ക്**

**9961670709**
**9446848143**

## വില്പനയ്ക്ക്

കാര്യവട്ടം പേരൂരിൽ 5 സെന്റ് സ്ഥലം ഉടൻ വില്പനയ്ക്ക്.
Phone No.9447076098, 9446131418.

തിരു : ചെമ്പഴന്തി അണിയൂരിൽ 16 സെന്റ് ഉയർന്ന ഭൂമി - വീട് വയ്ക്കാൻ അനുയോജ്യം. വില്പനയ്ക്ക്.
9895853632, 9447148704.

മെഡിക്കൽ കോളേജ്, പുതുപ്പള്ളി ലെയ്ൻ (PRA-121) 7 സെന്റ് ഓടിട്ട വീട്, സ്കൂട്ടർ വഴി - വില്പനയ്ക്ക്. സെന്റിന് 5 ലക്ഷം.
ഫോൺ : 8891813572.

വാമനപുരത്തിന് സമീപം ഒന്നര ഏക്കർ റബ്ബർ പ്ലോട്ട് (പ്ലാന്റ് ചെയ്ത് ഒരു വർഷം കഴിഞ്ഞത്). വില : 3,0,000/– Per Cent.
9995723292.

ആറ്റിങ്ങൽ മാമത്ത് 33 സെന്റ്. പ്ലോട്ടുകളായും.
9495311224, 9447645444.

ആറ്റിങ്ങൽ നവഭാരത് സ്കൂളിന് സമീപം റസിഡൻഷ്യൽ ഏരിയായിൽ 40 സെന്റ്. ഒന്നിച്ചോ, പ്ലോട്ടുകളായോ വില്പനയ്ക്ക്.
9349420606, 8129292972.

ആറ്റിങ്ങൽ മൂന്നുമുക്കിൽ 45 സെന്റ് 60 മീറ്റർ റോഡ് ഫ്രണ്ടേജ്.
94476 45444, 9495311224.

ആറ്റിങ്ങൽ മാമത്ത് 21 സെന്റും 3900 സ്ക്വ.ഫീറ്റ് ലക്ഷ്വറി വീടും വില്പനയ്ക്ക്. ഉദ്ദേശ വില ഒന്നേകാൽ കോടി. ആവശ്യക്കാർ മാത്രം ബന്ധപ്പെടുക.
9349420606, 8129292972.

ചെമ്പഴന്തി ഉദയഗിരിയിൽ 12 സെന്റും 12 മുറിയോടുകൂടിയ കെട്ടിടവും വില്പനയ്ക്ക്.
9747149699.

തിരുവനന്തപുരം ശ്രീകാര്യം എൻ.എച്ച്-ൽ നിന്ന് 3 കിലോമീറ്റർ ആനന്ദേശ്വരം. 7, 8 സെന്റുകൾ.
9995828658.

കോവൂരിൽ പാരിപ്പള്ളി റൂട്ടിൽ ശിവപുരം ക്ഷേത്രത്തിന് സമീപം റോഡ് ഫ്രണ്ടേജുള്ള 10 സെന്റ് വില്പനയ്ക്ക്.
9539023580

ശ്രീകാര്യം ലയോള കോളേജിന് സമീപം 10 സെന്റ് വസ്തുവും വീടും വില്പനയ്ക്ക്.
0471-2596147, 9495696147.

കാട്ടായിക്കോണം ഹൈവേയിൽ 60 മീറ്റർ മാറി 10 സെന്റ് വില്പനയ്ക്ക്.
9497570340

ആറ്റിങ്ങൽ ടൗണിൽ 1 കിലോമീറ്ററിനുള്ളിൽ 11 സെന്റും വീടും.
**9400668368.**

ശ്രീകാര്യം പോത്തൻകോട് ജംഗ്ഷന് സമീപം പുതിയ ടെറസ് വീട്. 16 ലക്ഷം.
**9446849817.**

തിരുവനന്തപുരം ടെക്നോ പാർക്കിൽ നിന്ന് 4½ Km - 7 സെന്റ്.
**9895024434.**

വസ്തുക്കൾ വാങ്ങാനും കൊടുക്കാനും സമീപിക്കുക. വക്കത്ത് വീടും പുരയിടവും വില്ക്കാനുമുണ്ട്.
Mobile : 9605730313.

ആറ്റിങ്ങൽ എൻജിനീയറിംഗ് കോളേജിന് സമീപം പഴയ വീടും 6½ സെന്റും വില്പനയ്ക്ക്.
**9447458635**

### വസ്തു വില്പനയ്ക്ക്

നെയ്യാറ്റിൻകര കുളത്തൂർ സ്കൂളിന് സമീപം.
Contact No. 9400811299.

തച്ചോട്ടുകാവ് - കരിപ്പൂരിന് സമീപം. 6¾ Cent House Plot.
ഫോൺ : 9745723891, 9846619030.
email : kbalaraman34@gmail.com

ചിറയിൻകീഴ് ആൽത്തറമൂടിന് സമീപം 91 സെന്റ്. കോമ്പൗണ്ട് വാൾ, Lorry site.
9895269396.

ആറ്റിങ്ങൽ ഐ.ടി. ഐ. റോഡ് എൻ.എച്ച്-ൽ നിന്ന് 700 മീറ്റർ അകലെ 4 വശവും ചുറ്റുമതിലോടു കൂടിയ 20 സെന്റ് വസ്തു വില്പനയ്ക്ക്.
9946526195.

ആറ്റിങ്ങൽ പ്രൈവറ്റ് ബസ്സ് സ്റ്റാൻഡിന് സമീപം റോഡ് സൈഡിൽ 22½ സെന്റ്.
9995334433

വടശ്ശേരിക്കോണം റോഡ് സൈഡിൽ 36 സെന്റും 5 ബെഡ്റൂമും എല്ലാ ഫെസിലിറ്റിയുമുള്ള പുതിയ രണ്ടുനില വീട്. രണ്ടു പ്ലോട്ടുകളായി തിരിക്കാം. നേരിൽ ബന്ധപ്പെടുക.
9946387813.

കഴക്കൂട്ടം കാട്ടായിക്കോണം, 1 കിലോമീറ്റർ മാറി 50 സെന്റും, പോത്തൻകോട് വാവറയിൽ ഒന്നര ഏക്കറും മംഗലപുരത്തിന് സമീപം 12 സെന്റും വീടും വില്പനയ്ക്ക്.
Phone : 0471-2166880, 8547266880.

ശ്രീകാര്യം, കരിയത്ത് 6 സെന്റും ടെറസ് വീടും വില്പനയ്ക്ക്.
9400436497.

### വീടും വസ്തുവും വില്പനയ്ക്ക്

ഇടുക്കിയിലും പത്തനംതിട്ടയിലും എല്ലാ സൗകര്യങ്ങളോടും കൂടിയ വീടും വസ്തുവും വില്പനയ്ക്ക്.
ഫോൺ: 9037773775, 9947346555, 09041564474.

### കെട്ടിടങ്ങളും വില്ലകളും

SBCA CONSTRUCTIONS (PVT LTD.), TVM.
സ്ക്വയർ ഫീറ്റിന് 800 രൂപ മുതൽ നിരക്കിൽ വാസ്തുവിധിപ്രകാരം നിർമ്മിച്ചു നല്കുന്നു.
Phone : 9446845217, 9656978774, 9496395641.

### FOR SALE

**പള്ളിച്ചൽ ബാലരാമപുരം എൻ.എച്ച് റോഡിൽ നിന്ന് 3 കിലോമീറ്റർ മാറി കല്ലിയൂർ പഞ്ചായത്ത് ഓഫീസിന് അടുത്ത് പ്ലോട്ടുകൾ തിരിക്കാൻ റോഡ് ഫ്രണ്ടേജ് ഉള്ള ഒരു ഏക്കർ വസ്തു വില്പനയ്ക്ക്.**
**Phone : 9495300640, 9387745848, 9037432414.**

### വസ്തു വില്പനയ്ക്ക്

പേട്ട - കവറടി റോഡിൽ (മെയിൻ റോഡ്) 3.940 സെന്റ് സ്ഥലവും 1000 സ്ക്വ. ഫീറ്റ് വീടും വില്പനയ്ക്ക്. 3 കിലോമീറ്റർ ചുറ്റളവിൽ വിമാനത്താവളം, സ്കൂൾ, കോളേജ്, ഹോസ്പി റ്റൽ, മറ്റ് എല്ലാ സൗകര്യവും ലഭ്യ മാണ്. (ആവശ്യക്കാർ മാത്രം വിളിക്കുക.)
Con : 0471 - 2502249, 9446492249.

### ഹസ്തരേഖാ ക്ലാസ്സുകൾ

പഠിച്ചവർക്കും പഠിക്കാൻ ആഗ്രഹിക്കുന്നവർക്കും പ്രശസ്ത ജ്യോതിഷ-ഹസ്തരേഖാ വിദഗ്ദ്ധ ശാന്താ വിജയൻ നയിക്കുന്ന ക്ലാസ്സുകൾ. സ്ത്രീകൾക്ക് പ്രത്യേക ബാച്ചുകൾ.
9656178666.

### ചികിത്സ

**ത്വക്‌രോഗികൾ ശ്രദ്ധിക്കുക!**
**ഡോ.കെ. സുഭാഷ്,** കല്പദ്രുമം ഹോസ്പിറ്റൽ, ത്വക്‌രോഗ ചികിത്സാ കേന്ദ്രം, ഇടപ്പഴിഞ്ഞി, തിരുവനന്തപുരം-14.
**Phone : 2321289, 2326569.**

### മലയിൻകീഴ് ഹൗസ്പ്ലോട്ട്

തിരുവനന്തപുരം സെൻട്രൽ റെയിൽവേ സ്റ്റേഷനിൽ നിന്ന് 12 കിലോമീറ്റർ അടുത്ത് തിരുവനന്തപുരം - കാട്ടാക്കട മെയിൻ റോഡിൽ നിന്ന് 100 മീറ്റർ അടുത്ത് ടാർ റോഡ് സൈഡിൽ 5, 6, 10 സെന്റ് വീതമുള്ള ഉറച്ച, നിരപ്പായ ഹൗസ് പ്ലോട്ടുകൾ.
വില : 1,25,000/-.
Phone : 9961303901.

### വസ്തു വില്പനയ്ക്ക്

കിംസിന് സമീപം ആനയറ റോഡിൽ ഗ്രീൻ പാർക്കിനകത്ത് ചുറ്റുമതിലോടുകൂടിയ 10.5 സെന്റ് സ്ഥലം. Per Cent 4.5 ലക്ഷം.
**Phone : 0471 - 2593863, 9847701260.**

### ശ്രീകാര്യത്ത് വീട്

ശ്രീകാര്യം വെഞ്ചാവോട് 4 bedroom ഉള്ള (3 bed A/c) Fully furnished Villa വില്പനയ്ക്ക്. വില : 70,00,000/.
Mobile : 9446443442

### വാടകയ്ക്ക് വീട്

മണ്ണന്തല മരുതൂരിൽ റോഡ് സൈഡിൽ ഓടിട്ട വീട് വാടകയ്ക്ക്.
Phone : 2500413, 9447000413.

### വാടകയ്ക്ക്

ആനയറ കുടവൂർ ജംഗ്ഷനിൽ ഇരുനില 3 BHK.
**9447089094.**

ശ്രീകാര്യം പൗഡിക്കോണത്തിന് സമീപം 4 സെന്റും ടെറസ് വീടും. വാടകയ്ക്കോ ഒറ്റിക്കോ.
9567397490.

### FOR SALE

2003 TATA മിനിബസ്സ്. 12 സീറ്റ്.
9447419496

### ആവശ്യമുണ്ട്

തിരുവനന്തപുരത്തെ പ്രമുഖ ചിട്ടിഫണ്ട് പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയിലേക്ക് കളക്ഷൻ ഏജന്റ് / മാർക്കറ്റിംഗ് തസ്തിക യിലേക്ക് ഉദ്യോഗാർത്ഥികളെ ക്ഷണിക്കുന്നു. ടൂവീലർ ഉള്ളവർക്ക് മുൻഗണന. വീട്ടമ്മ മാർക്കും (Age 35–45) അപേക്ഷിക്കാം.
Salary : 8000/–
9495243447, 9037539676.

### ഡ്രൈവറെ ആവശ്യമുണ്ട്

മഹീന്ദ്ര പിക്കപ്പ് (4 വീലർ, ലോഡ്കിംഗ് 6 വീലർ) രണ്ടും ഓടിക്കാൻ അറിയാവുന്ന (കുറഞ്ഞത് 5 വർഷത്തെ പരി ചയം) ഡ്രൈവറെ ആവശ്യമുണ്ട്.
വർക്കല : 0470-2602306, 0470-2602483, 9895069778.

### WANTED

A well - established Travel Agency requires efficient Driver with fluency in English / Hindi / Tamil. Attractive salary with accommodation.
**Contact : 9995009000.**

### WANTED FOR SINGAPORE

40 Helpers
Welders, Steel Fittings, Electrician, Insulation, Pipe Fitting, Sheet Metal. Painting, Plumbing, Tiles workers.
Email : nithinbalu@yahoo.com.
**Phone : 0065842455402, 09995791128.**

### വിശ്വസ്ത സ്ഥാപനം ഹോം നഴ്സിംഗ്

ജോലിക്കാരെ ആവശ്യമുള്ളവരും ജോലി ആവശ്യമുള്ളവരും.
തണൽ & കരുണ - 0471-2446924, 0471-2558370.
സാന്ത്വന - 0471-2555877.
പെർഫെക്ട് - വട്ടപ്പാറ.

### പാരിപ്പള്ളിയിൽ ആവശ്യമുണ്ട്

ലേത്ത് വർക്കർ (Turner): ആട്ടോമൊബൈൽ, ഫേബ്രിക്കേറ്റർ : ഗ്രിൽ, റൂഫ്‌വർക്ക് വെൽഡർ : ആട്ടോമൊബൈൽ. താമസ സൗകര്യം ഉണ്ടായിരിക്കുന്നതാണ്.
ഫോൺ : **8891382591**
**9961420010**

### ഉടൻ ആവശ്യമുണ്ട്

ടിപ്പർ ഡ്രൈവർമാർ, അക്കൗണ്ടന്റ്. നേരിട്ട് ഹാജരാകുക.
ശ്രീകൃഷ്ണ കൺസ്ട്രക്ഷൻ കമ്പനി, അഞ്ചൽ
**9447497915**

### TUITION

Entrance - oriented IIT Level Coaching 9, 10, +1, +2, Maths, Physics, Chemistry. Register now! Statue.
**Phone : 9447495483.**

### +1, +2 ആറുമാസം കൊണ്ട്

Physics & Maths (30 Seats Only). Admission started.
**Phone : 9447342328.**

### കൂൺ കൃഷി പരിശീലനം

വൈക്കോലോ മരപ്പൊടിയോ, ഇല്ലാതെ കൂൺകൃഷിയും, വിത്തുല്പാദനവും, പഠിപ്പിച്ച് സൗജന്യ കിറ്റ് നൽകി കൂൺ 200 നും 1000 നും എടുക്കുന്നു. വിത്ത്, മാതൃവിത്ത്, പ്രമേഹം, കൊളസ്ട്രോൾ, രോഗത്തെ നിശ്ശേഷം മാറ്റുന്ന കൂൺ പൊടിയും ലഭിക്കും. ക്ളാസ്സുകൾ **12ന് പാല, 13ന് പത്തനംതിട്ട, 14ന് ചങ്ങനാശ്ശേരി, 15ന് പാലക്കാട്, 18ന് തിരൂർ, 23ന് തിരുവനന്തപുരം, 24 ന് കൊല്ലം, 26 ന് കൊയിലാണ്ടി, 28 ന് എറണാകുളം, 30 ന് തൃശൂർ** പാരിപ്പിള്ളി, തിരുവനന്തപുരം, മാള ദിവസേന ക്ളാസ്സുകൾ സമയം 10 മുതൽ 2 വരെ ഫീസ് 1000/- ബുക്കിംഗിന് ബന്ധപ്പെടുക.

**മഹേശ്വര മഷ്റൂം, മാള**

9446232746-MD, 0480 2897078-Off, 0480 2778376-Resi, 9496965719-TVM, 9895859094-Kollam.

### ആവശ്യമുണ്ട്

ബാലരാമപുരം കേന്ദ്രമാക്കി ഫുഡ് പ്രോഡക്ട്സ് വിതരണം ചെയ്യുന്ന മരിയൻ ട്രേഡേഴ്സ് സ്ഥാപനത്തിലേക്ക് ഡെലിവറി ബോയ്സിനെ ആവശ്യമുണ്ട്. ശമ്പളം : 6500 മുതൽ 7500 വരെ.
**Phone No. 9447125269, 0471 - 2225269.**

### AVAILABLE FOR RENT

**2500 Sq. ft., 250 sq. ft., Neyyattinkara. Ideal for BANKS, FINANCIAL INSTITUTIONS.**
**9446659000**
**Now functioning SBI, ICICI, SBI Life, Maheendra Finance.**

### പാസ്പോർട്ട് നഷ്ടപ്പെട്ടു

എന്റെ **B-1511448** നമ്പരിലുള്ള പാസ്പോർട്ട് യാത്രാമദ്ധ്യേ നഷ്ടപ്പെട്ടു. ഡ്യൂപ്ലിക്കേറ്റ് എടുക്കുന്നതിൽ പരാതിയുള്ളവർ പാസ്പോർട്ട് ഓഫീസറെ അറിയിക്കണം.
**സന്തോഷ്കുമാർ, മുടുവറവിള വീട്, വെങ്ങാനൂർ പി.ഒ.**
**ഫോൺ : 9387853584**

### നഷ്ടപ്പെട്ടു

1986 വർഷത്തെ **2442954** രജിസ്റ്റർ നമ്പരിലുള്ള എന്റെ എസ്.എസ്.എൽ.സി. ബുക്ക് തിരിച്ചെടുക്കാൻ കഴിയാത്തവിധത്തിൽ കൈമോശം വന്ന വിവരം ഇതിനാൽ അറിയിക്കുന്നു. പ്രസ്തുത ബുക്കിന്റെ ഡ്യൂപ്ലിക്കേറ്റ് പകർപ്പിനായി പരീക്ഷാകമ്മീഷണറുടെ സെക്രട്ടറി മുൻപാകെ നിയമാനുസരണമുള്ള അപേക്ഷ നല്കുന്നതിന് തീരുമാനിച്ചിരിക്കുന്നു. ഇതിന്മേൽ ആക്ഷേപമുള്ളവർ ഈ പരസ്യം വന്ന് 15 ദിവസത്തിനകം സെക്രട്ടറി, ബോർഡ് ഒഫ് പബ്ലിക് എക്സാമിനേഷൻസ്, പരീക്ഷാഭവൻ, പൂജപ്പുര, തിരുവനന്തപുരം എന്ന വിലാസത്തിൽ രേഖാമൂലം പരാതി നല്കേണ്ടതാണ്.
**നുസൈബ,** ആറ്റരികത്ത് വീട്, അനക്കപ്പിള്ള, ചാന്നാങ്കര പി.ഒ., കണിയാപുരം.